# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.644 — 05.06.2018-ൽ മറുപടിയ്ക്ക്

## റാന്നി റബ്ബർ പാർക്ക്

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) ബജറ്റിൽ പ്രഖ്യാപിച്ച റാന്നി റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ സർവ്വേ നടപടികൾ ഇപ്പോൾ ഏത് ഘട്ടം വരെയായി; സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് അറിയിക്കുമോ; | എ) എ.വി.ടി. കമ്പനി കൈവശം വച്ചു വരുന്ന റാന്നി താലൂക്കിൽ പെരുനാട് വില്ലേജിൽ എ.വി.റ്റി. കമ്പനിയുടെ തണ്ടപ്പേരിലുള്ള 184.4662 ഹെക്ടർ, വിവിധകക്ഷികളിൽ നിന്നും പാട്ടത്തിന് എടുത്തിട്ടുള്ള 179.4186 ഹെക്ടർ സ്ഥലവും ഉൾപ്പെടെ 363.8848 ഹെക്ടർ ഭൂമിയിൽ ഉൾപ്പെട്ട സ്ഥലത്താണ് റാന്നി റബ്ബർ പാർക്കിന് വേണ്ടി സർവ്വേ ചെയ്യാൻ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ടി ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് ബഹു.കേരളാ ഹൈക്കോടതിയിൽ WP(C)34185/2015-)ാം നമ്പർ കേസ് നിലവിലുള്ളതാണ്. ടി കേസിൽ തീരുമാനമുണ്ടാകാത്ത സാഹചര്യത്തിൽ ടി സ്ഥലത്ത് സർവ്വേ നടപടികൾ സ്വീകരിക്കുന്നതിന് ബഹു.കോടതിയുടെ അനുമതി ആവശ്യമാണ്. |
| ബി) ഇത് സംബന്ധിച്ച് വ്യവസായ മന്ത്രിയുടെ ചേംബറിൽ 2017 ഓഗസ്റ്റ് 22-ന് വിളിച്ച് ചേർത്ത യോഗത്തിന്റെ തീരുമാനം എന്തൊക്കെയാണ്; ഈ തീരുമാനം അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ;<br><br>സി) അടിയന്തരമായി ഇതിന്റെ സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) & (സി) പത്തനംതിട്ടയിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനായി സ്ഥലം സർവ്വേ നടത്തുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഒരു ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനും, അതിനുള്ള ചെലവ് കിൻഫ്ര വഹിക്കണമെന്നും, രണ്ട് മാസത്തിനുള്ളിൽ സർവേ നടപടികൾ പൂർത്തീകരിക്കേണ്ടതാണെന്നും തീരുമാനിക്കുകയുണ്ടായി. സ്ഥലമേറ്റെടുക്കുന്നതിനുള്ള സർവേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർവ്വേ ജീവനക്കാരുടെ അഭാവത്തിൽ പ്രത്യേക ഏജൻസിയെ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ പത്തനംതിട്ട ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. എന്നാൽ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് ബഹു.കേരളാ ഹൈക്കോടതിയിലെ WP(C)34185/2015-)ാം നമ്പർ കേസിൽ തീരുമാനമുണ്ടാകാത്ത സാഹചര്യത്തിൽ ടി സ്ഥലത്ത് സർവേ നടപടികൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ